# പതിനാലാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2822** **12.03.2018-ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ജോയി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

എ) വർക്കല മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്നതിന് 2017 - 18 ൽ തെരഞ്ഞെടുത്തിട്ടുള്ള റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

എ) വർക്കല മണ്ഡലത്തിലെ തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്നതിന് 2017 -2018 ൽ തെരഞ്ഞെടുത്തിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ലിസ്റ്റിലെ ക്രമ നമ്പർ | റോഡിന്റെ പേര് |
|---|---|
| **I)** | **2017-18 ലിസ്റ്റ് - 1** |
| 33 | ഇലകമൺ പഞ്ചായത്ത് ഹരിഹരപുരം സംഘംതൊടി, കായൽ കോട്ടവിള റോഡ് |
| 34 | ഇടവ പഞ്ചായത്ത് പുറ്റിൽ ക്ഷേത്രം കമ്മ്യൂണിറ്റി ഹാൾ റോഡ് |
| 35 | വെട്ടൂർ പഞ്ചായത്ത് റഹ്മത്ത് റോഡ് വാർഡ്-13 |
| 36 | വർക്കല നഗരസഭ വാർഡ് 20, ചെറിയ തുരപ്പ് ചിറമുക്ക് റോഡ് |
| 37 | വർക്കല നഗരസഭ ആറാട്ട് റോഡ് വാവ്കട ചന്ത മുതൽ ആലിയിറക്കം വരെയുള്ള റോഡ് |
| **II)** | **2017-18 ലിസ്റ്റ് നം. 2** |
| 3 | ഇടവപഞ്ചായത്ത് പാലത്തൊടി പൈങ്കുളം ഏല മാന്തറക്ഷേത്രം റോഡ് |
| 4 | വെട്ടൂർ പഞ്ചായത്ത് കുന്നക്കൻകല്ല് റോഡ് |
| 5 | ഇടവ പഞ്ചായത്ത്, കിഴക്കേ ചന്ദ്രാത്തിൽ ഇടവക്കുളം റോഡ് |

| | | | |
|---|---|---|---|
| ബി) | തെരഞ്ഞെടുത്തിട്ടുള്ള ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റുകൾ ഭരണാനുമതിക്കായി സർക്കാരിലേക്ക് ശിപാർശ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയ ഇലകമൺ പഞ്ചായത്ത് ഹരിഹരപുരം സംഘംതൊടിയിൽ കായൽ കോട്ടുവിള റോഡിന് 14.70 ലക്ഷം രൂപയുടെയും വെട്ടൂർ പഞ്ചായത്ത് റഹമത്ത് റോഡിന് 56.50 ലക്ഷം രൂപയുടെയും ചെറിയ ഇരുപ്പ് ചിറമുക്ക് റോഡിന് 11.90 ലക്ഷം രൂപയുടെയും, വെട്ടൂർ പഞ്ചായത്ത് കണക്കൻകല്ല് റോഡിന് 13.65 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. |
| സി) | സർക്കാരിലേക്ക് ഭരണാനുമതിക്ക് ശിപാർശ ചെയ്യുവാൻ ബാക്കിയുള്ള റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | സി) | ഇടവ പഞ്ചായത്ത് പുറ്റിൽ ക്ഷേത്രം കമ്മ്യൂണിറ്റി ഹാൾ റോഡ്, വർക്കല നഗരസഭ ആറാട്ട് റോഡ്, വാവ്കട ചന്ത മുതൽ ആലിയിറക്കം വരെയുള്ള റോഡ് എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടില്ല.<br><br>ഇടവപഞ്ചായത്ത് പാലത്തൊടി പൈങ്കുളം ഏലമാന്തറക്ഷേത്രം റോഡ്, ഇടവ പഞ്ചായത്ത്, കിഴക്കേ ചന്ദ്രാത്തിൽ ഇടവക്കുളം റോഡ് എന്നിവ നിലം ഉൾപ്പെട്ട റോഡ് ആയതിനാൽ പരിഗണിക്കാൻ കഴിയുകയില്ല. |
| ഡി) | ഈ റോഡുകൾ ശിപാർശ ചെയ്യുന്നതിന് കാലതാമസം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | ഡി) | എസ്റ്റിമേറ്റുകൾ എടുക്കുന്നതിൽ കാലതാമസമുണ്ടായിട്ടില്ല. എന്നാൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയ റോഡിന്റെ ചില ഭാഗം മറ്റ് ചില ഏജൻസികൾ ചെയ്തതിനാലും, റോഡിന്റെ ഉടമസ്ഥാവകാശം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് അല്ലാത്തതിനാലും, പഞ്ചായത്ത് / മുനിസിപ്പാലിറ്റിയുമായി ബന്ധപ്പെട്ട് സ്ഥലലഭ്യത ഉറപ്പാക്കിയ ശേഷമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത്. ലിസ്റ്റിൽ ഉൾപ്പെടുത്തിയ റോഡിന് പുറമേ സ്ഥലം എം.എൽ.എ. ശുപാർശചെയ്ത റോഡുകളുടെയും എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്. ഇത്തരത്തിൽ സ്വാഭാവികമായി ഉണ്ടാകുന്ന കാലതാമസം മാത്രമേ റോഡിന്റെ എസ്റ്റിമേറ്റ് എടുക്കുന്നതിൽ ഉണ്ടായിട്ടുള്ളൂ. എസ്റ്റിമേറ്റുകൾ ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**